# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ഓൺലൈൻ വഴി വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്

5793 ശ്രീ. വി. ഡി. സതീശൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വസ്തുവിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഓൺലൈൻ വഴി ലഭിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം സർട്ടിഫിക്കറ്റുകൾക്ക് നിയമസാധുത നൽകിയിട്ടുണ്ടോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം എന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം</u>

5794 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രം മുഖേന നൽകുന്നതിനാൽ സമയ നഷ്ടവും, സാമ്പത്തിക നഷ്ടവും ഉൾപ്പെടെ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) ഇതര വകുപ്പുകളിൽ ഉള്ളതുപോലെ റവന്യൂ വകുപ്പിലെ വിവിധ സേവനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുമ്പോൾ അതാത് ഓഫീസുകളിൽ തന്നെ അവ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സ്മാർട്ട്/മോഡൽ വില്ലേജ് ഓഫീസുകൾ</u>

5795 ശ്രീ. കെ. ശിവദാസൻ നായർ
,, എം.എ. വാഹീദ്
,, അൻവർ സാദത്ത്
,, എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട്/മോഡൽ വില്ലേജ് ഓഫീസുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത് തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഓഫീസുകൾ തുടങ്ങുന്നതുവഴി ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സൗകര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും വില്ലേജ് ഓഫീസ്</u>

5796 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, പി. എ. മാധവൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ഒരു വില്ലേജ് ആഫീസ് എന്ന നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരിഗണിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി

5797 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് പട്ടയം നൽകുന്ന പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പട്ടയ വിതരണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വാത്സല്യത്തൊട്ടിൽ പദ്ധതി</u>

5798 ശ്രീ. ലൂഡി ലൂയിസ്
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാത്സല്യത്തൊട്ടിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമിട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് മുഴുവനും ഈ പദ്ധതി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ പ്ലാന്റേഷൻ തിരികെ എടുക്കുന്നതിന് നടപടി</u>

5799 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞ റവന്യൂ വകുപ്പ് വക പ്ലാന്റേഷനുകൾ തിരികെ എടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ പ്ലാന്റേഷനുകൾ തിരികെ എടുക്കുന്നതിന് സമയബന്ധിതമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>തോട്ടവിള ഭൂമിയിൽ വിനോദസഞ്ചാര പദ്ധതികൾ</u>

5800 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടവിളഭൂമിയിൽ അഞ്ചു ശതമാനം വരെ വിനോദ സഞ്ചാര പദ്ധതികൾക്കായി ഉപയോഗിക്കാൻ അനുമതി നൽകിക്കൊണ്ട് നിയമം നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിലപാടിനും ഭൂപരിഷ്കരണ നിയമം ദുർബലമാക്കാനുള്ള ശ്രമങ്ങൾക്കുമെതിരെ ആക്ഷേപങ്ങൾ ഉണ്ടായിട്ടുള്ളകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനവുമായി മുന്നോട്ടുപോകാനുദ്ദേശ്യമുണ്ടോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള മിച്ചഭൂമി</u>

5801 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ റവന്യൂവകുപ്പിൽ നിക്ഷിപ്തമായിട്ടുള്ളതും ഭൂരഹിതരായവർക്ക് വിതരണം ചെയ്യുവാൻ വേണ്ടി മാറ്റിവയ്ക്കപ്പെട്ടതുമായ മിച്ചഭൂമി എത്രയെന്ന് ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ഭൂമിയ്ക്കായി അപേക്ഷ നൽകിയിട്ടുള്ള ഭൂരഹിതരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) 2011 ജൂൺ 1-നും, 2012 ജൂൺ 15-നും ഇടയ്ക്കുള്ള കാലയളവിൽ ഭൂരഹിതർക്ക് എത്ര ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ചേർത്തലയിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ</u>

5802 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി പൂർണ്ണമായും റീസർവ്വേ നടത്താതെ പുറമ്പോക്ക് മാത്രം റിസർവ്വേ നടത്താൻ തീരുമാനമായിട്ടുണ്ടോ ; ഇത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) ഇപ്രകാരം റീസർവ്വേ നടത്തിയാൽ റവന്യൂ രേഖകൾ കാലഹരണപ്പെട്ടതുകൊണ്ടും കൈവശ ഭൂമി സംബന്ധിച്ച അവ്യക്തത കൊണ്ടും ഭൂമിയുടെ ഇനത്തിലുണ്ടായ വ്യത്യാസംകൊണ്ടും ദീഘകാലമായി വിവിധ തരത്തിലുള്ള പ്രശ്നങ്ങളെ നേരിടുന്ന ഭൂവുടമകൾക്കും റവന്യൂ ഉദ്യോഗസ്ഥർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എപ്രകാരം പരിഹരിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ ;

(സി) ചേർത്തല താലൂക്കിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ഏതെല്ലാമാണെന്നു പറയാമോ ; ഈ സർക്കാർ അധികാരമേറ്റശേഷം ചേർത്തല താലൂക്കിലെ ഏതെങ്കിലും വില്ലേജിൽ റീസർവ്വേ നടന്നിട്ടുണ്ടോയെന്നും റിക്കോർഡുകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ഭൂമി കേരളം പദ്ധതി- റീസര്‍വ്വേ നടപടി</u>

5803

ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂമി കേരളം പദ്ധതി ഇപ്പോള്‍ നടക്കുന്നുണ്ടോ;

(ബി) ഭൂമി കേരളം പദ്ധതി പ്രകാരം എത്ര വില്ലേജുകളുടെ റീസര്‍വ്വെ പ്രവര്‍ത്തനം പൂര്‍ത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി കേരളം പദ്ധതിയ്ക്ക് നാളിതുവരെ എത്ര രൂപാ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയില്‍ കോണ്‍ട്രാക്റ്റ് അടിസ്ഥാനത്തില്‍ എത്ര പേര്‍ ജോലിനോക്കുന്നുണ്ട് എന്നും ഏത് തസ്തികകളിലാണ് ഇവരെ നിയമച്ചിട്ടുളളത് എന്നും ഓരോരുത്തര്‍ക്കും നല്‍കുന്ന ശമ്പളവും അലവന്‍സുകളും എത്രയാണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

"ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയിൽ
കൊല്ലം ജില്ലയിൽനിന്നുള്ള അപേക്ഷകൾ

5804 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റവന്യൂവകുപ്പ് മുഖേന നടപ്പിലാക്കുന്ന "ഭൂരഹിതരില്ലാത്ത കേരളം" പദ്ധതിയിൽ കൊല്ലം ജില്ലയിൽനിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത അപേക്ഷ സ്വീകരിക്കുന്ന കാലാവധി കഴിഞ്ഞുവോ ; അർഹരായവർക്ക് അപേക്ഷ നൽകുവാൻ സാവകാശം ലഭ്യമാക്കുമോ ;

(സി) കൊല്ലം ജില്ലയിലെ നിലവിലുള്ള അപേക്ഷകർക്ക് നൽകുവാൻ എത്ര ഹെക്ടർ ഭൂമിയാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ഏതൊക്കെ വിധത്തിൽ ഭൂമി കണ്ടെത്തുവാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് അറിയിക്കുമോ ;

(ഇ) അനർഹരായ നിരവധിയാളുകൾ അപേക്ഷ നൽകിയിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കുട്ടനാട് താലൂക്കിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

5805

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കുട്ടനാട് താലൂക്കിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകൽ പദ്ധതി

5806 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതിയിലേക്ക് കാസർകോട് ജില്ലയിലെ ഓരോ വില്ലേജിലും എത്ര വീതം അപേക്ഷകളാണ് ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അതാതു വില്ലേജിലെ അപേക്ഷകർക്ക് ആ വില്ലേജിൽ തന്നെ ഭൂമി നൽകാവുന്ന തരത്തിൽ ഭൂമി ലഭ്യമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എന്നുമുതൽ ഭൂമി വിതരണം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും റവന്യൂ ഭൂമി പതിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ</u>

5807 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും റവന്യൂ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോരുത്തർക്കും നൽകിയ ഭൂമി ഏതു ജില്ലയിൽ ഏതു താലൂക്കിൽ ഏതു വില്ലേജിൽ സ്ഥിതിചെയ്യുന്നതാണെന്നും പ്രസ്തുത ഭൂമിയ്ക്ക് നിലവിൽ രജിസ്ട്രാർ വകുപ്പ് നിശ്ചയിച്ചിട്ടുള്ള വില എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഭൂമിയാണ് സൗജന്യമായി പതിച്ചു നൽകിയതെന്നു വ്യക്തമാക്കുമോ;

(ഡി) രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന ട്രസ്റ്റുകൾക്കോ സ്ഥാപനങ്ങൾക്കോ സാമൂഹ്യ-രാഷ്ട്രീയ നേതാക്കളുടെ പേരിലുള്ള ട്രസ്റ്റുകൾക്കോ ഇക്കാലയളവിൽ റവന്യൂ ഭൂമി പതിച്ചുനൽകിയിട്ടുണ്ടോയെന്നും ഏതു സ്ഥാപനങ്ങൾക്കാണ് ഇത്തരത്തിൽ ഭൂമി പതിച്ചു നൽകിയിട്ടുള്ളതെന്നും ഏതു സ്ഥലമാണു പതിച്ചു നൽകിയതെന്നും പ്രസ്തുത സ്ഥലത്തിനുള്ള മാർക്കറ്റ് വില എത്രയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഗോൾഫ് ക്ലബ്ബ്</u>

5808 ശ്രീ. പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, വി. ശിവൻകുട്ടി
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ എൽ. ഡി. എഫ് സർക്കാർ ഏറ്റെടുത്ത തിരുവനന്തപുരത്തെ ഗോൾഫ്ക്ലബ്ബ് തിരിച്ച് നൽകുന്നതിന് സർക്കാർ എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ ആവശ്യമുന്നയിച്ചുകൊണ്ട് മുൻ ക്ലബ്ബുഭാരവാഹികൾ സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്ലബ് തിരിച്ചുനൽകുന്നതിന് നിയമ വകുപ്പിൽ നിന്നും എന്നാണ് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത് ; ഇതിൽ ആരാണ് ഒപ്പുവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ റവന്യൂവകുപ്പിന്റെയും നിയമവകുപ്പിന്റെയും നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക്</u>
<u>കൈവശാവകാശ രേഖ</u>

5809 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് പഞ്ചായത്ത് പുറമ്പോക്കുകളിൽ താമസിക്കുന്ന എത്ര പേർക്ക് നാളിതുവരെ കൈവശാവകാശരേഖ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കല്‍പ്പറ്റ പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശഭൂമിയ്ക്ക് നികുതി സ്വീകരിക്കാന്‍ നടപടി

5810 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് വെളളാരംകുന്ന് -പെരുതോട്ട പ്രദേശത്തെ 32 കുടുംബങ്ങളുടെ കൈവശ ഭൂമിക്ക് നികുതി സ്വീകരിക്കാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കില്‍ ഏതു വര്‍ഷം മുതലാണ് നികുതി സ്വീകരിക്കാത്തതെന്നും ആയതിനുളള കാരണവും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങളുടെ കൈവശഭൂമിക്ക് മുന്‍കാലത്ത് നികുതി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കൈവശഭൂമിക്ക് നികുതി സ്വീകരിക്കാത്തതുമൂലം പ്രസ്തുത ജനങ്ങള്‍ക്കുളള ബുദ്ധിമുട്ടുകള്‍ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ഏഴിമല നാവിക അക്കാദമിയുമായി ബന്ധപ്പെട്ട്
കുടിയൊഴിപ്പിക്കൽ

5811 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഏഴിമല നാവിക അക്കാദമിയുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് എന്തെങ്കിലും പുനരധിവാസ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സര്‍ട്ടിഫിക്കറ്റുകള്‍ നല്‍കുന്നതിനുള്ള സമയക്രമം</u>

5812 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

സംസ്ഥാനത്ത് വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് എന്നിവിടങ്ങളിലെ ഓഫീസുകളില്‍ നിന്നും പൊതുജനങ്ങള്‍ക്ക് അവശ്യം ലഭിക്കേണ്ട സര്‍ട്ടിഫിക്കറ്റുകള്‍ അനുവദിക്കേണ്ടതിന്റെ കാലയളവ് നിജപ്പെടുത്തിക്കൊണ്ട് എന്തെങ്കിലും ഉത്തരവുകള്‍ സര്‍ക്കാര്‍ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്ക് ഭൂമി നൽകിയ ജനങ്ങൾക്ക് നഷ്ടപരിഹാരം

5813 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്ക് വേണ്ടി ഭൂമി നൽകിയ ജനങ്ങൾക്ക് കോടതി നഷ്ടപരിഹാരം നിശ്ചയിച്ച് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത നഷ്ട പരിഹാരം വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂമി നഷ്ടപ്പെട്ടവർക്ക് അടിയന്തിരമായി നഷ്ട പരിഹാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ അനുവദിച്ച പുനരധിവാസ ഭൂമിയിലെ ഉടമസ്ഥത തർക്കം കോടതിയിൽ നിലനിൽക്കുന്നത് മൂലം കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഭൂമി ലഭ്യമാകാതെ വന്നിട്ടുണ്ടോയെന്ന കാര്യം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കേസുകൾ വേഗത്തിൽ തീർപ്പാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

## പാട്ട കാലാവധി കഴിഞ്ഞ കല്ലേലി എസ്റ്റേറ്റ് അവകാശിയ്ക്ക് തിരികെ നൽകാൻ നടപടി

5814 ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷ് ഭരണകാലത്ത് ഒരു വിദേശ കമ്പനിയ്ക്ക് പ്ലാന്റേഷൻ നടത്തുന്നതിന് 99 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിരുന്ന ഇടമന ഇല്ലത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന പത്തനംതിട്ട ജില്ലയിലെ 2500 ഏക്കറിലധികം വരുന്ന ഭൂമി (കല്ലേലി എസ്റ്റേറ്റ്) പിന്നീട് ഹാരിസൺ മലയാളത്തിന്റെ അധീനതയിൽ വന്ന് ചേർന്നത് നിയമപ്രകാരമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പാട്ട കാലാവധി കഴിഞ്ഞിട്ടും നിർദ്ധന ബ്രാഹ്മണ കുടുംബത്തിന് അർഹതപ്പെട്ട ഈ ഭൂമി ആർ.പി.ജി. എന്ന കമ്പനി (ഹാരിസൺ മലയാളം) അനധികൃതമായി കൈവശം വച്ചിരിക്കുന്നതിനെതിരെ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പാട്ട കാലാവധി കഴിഞ്ഞ മുഴുവൻ തോട്ടങ്ങളും ഏറ്റെടുക്കുമെന്നും സ്വകാര്യ വ്യക്തികൾക്ക് അവകാശപ്പെട്ടവ അവർക്ക് തന്നെ വിട്ടുനൽകുമെന്നും ബഹു.വനം മന്ത്രി നടത്തിയിട്ടുള്ള പ്രസ്താവനയിന്മേൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തോട്ടങ്ങളിന്മേലാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ രേഖകൾ പ്രകാരം ഹാരിസൺ മലയാളം (ആർ.പി.ജി) കൈവശം വച്ചിരിക്കുന്ന കല്ലേലി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം ആർക്കാണ് ഉള്ളതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ആയതിന്റെ രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) അനധികൃത കൈവശക്കാരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

(എഫ്) കല്ലേലി എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം കോടതി മുഖേന ഇടമന ഇല്ലത്തിന് ലഭിച്ചിരിക്കെ ഈ വസ്തു സംബന്ധിച്ച് മറ്റെന്തെങ്കിലും അവകാശവാദവുമായി ആരെങ്കിലും കോടതിയെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ജി) കല്ലേലി എസ്റ്റേറ്റിന്റെ പാട്ട കാലാവധി കഴിഞ്ഞ സ്ഥിതിയ്ക്ക്, വസ്തു ഉടമസ്ഥർക്ക് തിരികെ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>മലയാറ്റൂർ വില്ലേജിലെ മിച്ചഭൂമി</u>

5815

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ മലയാറ്റൂർ വില്ലേജിൽ വണ്യാംകുളം ഭാഗത്ത് 1982-83 കാലഘട്ടത്തിൽ മിച്ചഭൂമി പിടിച്ചെടുത്ത് 84 പേർക്ക് കൈവശരേഖ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം കൈവശരേഖ കൈപ്പറ്റിയവർ പ്രസ്തുത ഭൂമി ഉപയോഗിക്കാത്തതിനാൽ ഈ ഭൂമിയിൽ 25 കൊല്ലമായി കുടിയേറി പാർത്തിരിക്കുന്ന നിർദ്ധനരായ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ അന്യാധീനപ്പെട്ട ഭൂമിയുടെ കണക്ക്</u>

5816 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസറഗോഡ് ജില്ലയിൽ പൊതു ആവശ്യങ്ങൾക്കായി നീക്കിവച്ച ഭൂമിയിൽ എത്ര ഏക്കർ പ്രദേശം അന്യാധീനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ലാന്റ് ബാങ്കിലെ ഭൂമിയുടെ കണക്ക്

5817

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലാന്റ് ബാങ്കിൽ നിലവിലുള്ള ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലാന്റ് ബാങ്കിലേക്ക് കൂടുതൽ ഭൂമി കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സീറോ ലാൻഡ്ലെസ് പദ്ധതി</u>

5818 ശ്രീ. സി. ദിവാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂപീകരിച്ച ലാൻഡ് ബാങ്കിൽ എത്ര ഭൂമിയുണ്ടെന്നും ഇതിൽ വിതരണ യോഗ്യമായ എത്ര ഹെക്ടർ ഭൂമിയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ മൊത്തം എത്ര ഹെക്ടർ പുറമ്പോക്ക് ഭൂമിയുണ്ട്; ഇതിൽ സീറോ ലാൻഡ്ലെസ് പദ്ധതിയിൻ കീഴിൽ വിതരണം ചെയ്യാൻ കഴിയുന്ന ഭൂമിയുടെ മൊത്തം അളവെത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സീറോ ലാൻഡ്ലെസ്സ് സ്കീം പ്രകാരം വിതരണം ചെയ്യുന്ന ഭൂമി</u>

5819 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീറോ ലാന്റ്ലെസ്സ് സ്കീം പ്രകാരം വിതരണം ചെയ്യുന്നതിന് ഇടുക്കി ജില്ലയിൽ ഏതെല്ലാം സ്ഥലമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് താലൂക്കിൽ, ഏത് വില്ലേജിൽ, ഏത് സർവ്വേ നമ്പറിൽപ്പെട്ട സ്ഥലമാണ് ഇപ്രകാരം കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലം നോട്ടിഫൈ ചെയ്തിട്ടുണ്ടോ;

(ഡി) ഭൂമി വിതരണം എന്ന് നടത്താനാവും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

തിരുവനന്തപുരം കുന്നത്തുകാല്‍ പഞ്ചായത്തിലെ
ശ്രീമതി. റോസമ്മയ്ക്ക് പട്ടയം നല്‍കുന്ന നടപടി

5820 ശ്രീ. എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുന്നത്തുകാല്‍ വില്ലേജില്‍ കുന്നത്തുകാല്‍ പഞ്ചായത്തുവക കുളം പുറമ്പോക്കില്‍ മുപ്പത്തിയഞ്ചു വര്‍ഷത്തിലേറെയായി കുടികിടപ്പായി താമസിച്ചുവരുന്ന കുളവടിത്തലക്കല്‍ വീട്ടില്‍ റോസമ്മ തന്റെ കൈവശ വസ്തുവിന് പട്ടയം ലഭിക്കാന്‍ അപേക്ഷ നല്‍കിയിട്ടുണ്ടോ;

(ബി) പ്രസ്തുതയാള്‍ക്ക് വില്ലേജ് ഓഫീസില്‍ നിന്നോ താലൂക്ക് ഓഫീസില്‍ നിന്നോ കൈവശാവകാശ സര്‍ട്ടിഫിക്കറ്റ് നല്‍കിയിട്ടുണ്ടോ;

(സി) കൈവശ വസ്തുവിന് പട്ടയം നല്‍കാന്‍ കുന്നത്തുകാല്‍ ഗ്രാമപഞ്ചായത്ത് എന്‍. ഒ. സി. നല്‍കിയിട്ടുണ്ടോ;

(ഡി) അപേക്ഷകയ്ക്ക് പട്ടയം നല്‍കാന്‍ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി പട്ടയം നല്‍കാനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് പരപ്പ വില്ലേജിൽ പുലിയംകുളത്ത് മിച്ചഭൂമി</u>

5821 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ പരപ്പ വില്ലേജിൽ പുലിയംകുളത്ത് ആകെ എത്ര ഏക്കർ മിച്ചഭൂമിയാണ് സർക്കാർ കൈവശം ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് എത്ര ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട് എന്നും എത്ര ഏക്കർ ഭൂമി ബാക്കിയുണ്ടെന്നും ബാക്കിയുള്ള ഭൂമി സർക്കാർ സംരക്ഷിച്ചുവരുന്നുണ്ടോ എന്നും അറിയിക്കാമോ;

(സി) പതിച്ചുകിട്ടിയ ഭൂമി ആരെങ്കിലും വില്പനനടത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ബാക്കിയുള്ള മിച്ചഭൂമി ആരെങ്കിലും അനധികൃതമായി കയ്യേറിയിട്ടുണ്ടോ എന്നും, കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഇ) എങ്കിൽ കയ്യേറ്റം ഒഴിപ്പിച്ച് സർക്കാർ ഭൂമി സംരക്ഷിക്കുവാൻ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്നും ഇനി നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

**വെൺമണി പൂന്തല, ഏറത്ത് പട്ടികജാതി കോളനിയിലേക്കുള്ള വഴി**

5822

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ , വെൺമണി പൂന്തല ഏറത്ത് മുറിയിൽ പട്ടികജാതിയിൽപ്പെട്ട കോളനി നിവാസികൾ വർഷങ്ങളായി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നടപ്പാത 22-7-09 ൽ തടസ്സപ്പെടുത്തിയത് മാറ്റി സഞ്ചാരയോഗ്യമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ വിഷയത്തിൽ കാലതാമസമുണ്ടായത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ചിറ്റാറിന്റെ തീരങ്ങളിൽ നടക്കുന്ന അനധികൃത കയ്യേറ്റം</u>

5823 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉഴമലയ്ക്കലിൽ ചിറ്റാറിന്റെ തീരങ്ങളിൽ നടക്കുന്ന അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നദീതീരപ്രദേശങ്ങൾ ഉൾപ്പെടെ കയ്യേറ്റം നടന്നതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്ന് വിശദമാക്കുമോ;

(സി) നടപടികൾ തുടരാതെ ഉപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ചെങ്ങന്നൂർ ആറ്റു തീരസംരക്ഷണം

5824 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ വാർഡ് 10 ഇടനാട് തൂക്ക് പാലത്തിന് സമീപം കിഴക്ക് വശം പമ്പാ നദിയുടെ വലതുകര സർവ്വേ നമ്പർ 160/1, 162/8 എന്നീ ഭാഗങ്ങളിലെ ആറ്റുതീരം സംരക്ഷിക്കുന്നതിനായി റിവർ മാനേജ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>പുറക്കാട് ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി പതിച്ചു നൽകാൻ നടപടി</u>

5825 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗ്രാമപഞ്ചായത്ത് കെട്ടിടവും പഞ്ചായത്ത് സാംസ്കാരികനിലയവും മൃഗാശുപത്രിയും ഉൾപ്പെടുന്ന സ്ഥലം പൂർണ്ണമായും നാഷണൽ ഹൈവേ വികസനത്തിനായി വിട്ടുനൽകേണ്ടിവരുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 19-ൽ റീസർവ്വേ നമ്പർ 12/12 പ്പെട്ട 27 ആർ റവന്യൂ പുറമ്പോക്ക് ഭൂമി പുറക്കാട് പഞ്ചായത്തിന് പതിച്ചു നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റവന്യൂ കാര്യാലയങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം</u>

5826 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസ് രേഖകളും ഭൂമി സംബന്ധമായ വിവരങ്ങളും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ജനങ്ങൾക്ക് റവന്യൂ ഓഫീസുകളിൽനിന്നും കൂടുതൽ വേഗത്തിലും കൃത്യതയോടെയും സേവനം ലഭിക്കുന്നതിനുമുള്ള നടപടികൾ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) റവന്യൂ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ ; കമ്പ്യൂട്ടറൈസേഷൻ ജോലികൾക്ക് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

ഭൂനികുതി രസീത് പുസ്തകത്തിന്റെ ക്ഷാമം പരിഹരിക്കാൻ നടപടി

5827 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ മുതൽ കണ്ണൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ ഭൂനികുതി പിരിക്കുന്നതിനുള്ള രശീതി പുസ്തകത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ;

(ബി) രശീതി പുസ്തകത്തിന്റെ ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ രശീതി പുസ്തകം ആവശ്യത്തിന് അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നേമം നിയോജക മണ്ഡലത്തിലെ വിവിധ വ്യക്തികൾക്കുള്ള ധനസഹായം</u>

5828 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും റവന്യൂ വകുപ്പ് മുഖേന നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വ്യക്തികൾക്ക് നൽകിയിട്ടുള്ള ധനസഹായത്തെ സംബന്ധിച്ച് സഹായം ലഭ്യമായവരുടെ പേര്, മേൽവിലാസം, കിട്ടിയ തുക, കിട്ടാനിടയായ സാഹചര്യം, കിട്ടിയ തീയതി എന്നിവ ഉൾക്കൊള്ളുന്ന വിശദവിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

സുനാമി പുനരധിവാസ പദ്ധതി - വീട് - റോഡ് നിർമ്മാണവും ശുദ്ധജലവിതരണവും

5829 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂരിൽ സുനാമി പുനരധിവാസ പദ്ധതിയിൽ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഭവനനിർമ്മാണ പദ്ധതി പ്രകാരം ഇനി എത്ര കുടുംബങ്ങൾക്കാണ് വീട് നൽകാനുള്ളതെന്ന് വിശദമാക്കുമോ;

(സി) കടപ്പുറത്ത് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കടപ്പുറത്തെ കടുത്ത കുടിവെള്ളക്ഷാമം പരിഗണിച്ച് എല്ലാ ദിവസവും ശുദ്ധജലം ലഭ്യമാക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കാലവർഷക്കെടുതിക്ക് നഷ്ടപരിഹാരം</u>

5830 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷത്തിൽ (2011-12) കെടുതികൾ നേരിട്ടവർക്ക് നൽകിവരുന്ന സാമ്പത്തിക സഹായത്തിന് കാസർഗോഡ് ജില്ലയിൽ ഓരോ വില്ലേജിലും നിന്ന് എത്ര വീതം അപേക്ഷകളാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര പേർക്ക് സഹായധനം വിതരണം ചെയ്തിട്ടുണ്ടെന്നും അർഹരായിട്ടും ഇതുവരെ സഹായം ലഭ്യമായിട്ടില്ലാത്ത എത്ര അപേക്ഷകരുണ്ടെന്നും വിശദമാക്കുമോ ;

(സി) അവർക്കുള്ള സഹായങ്ങൾ ഇതേവരെ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>വലിയ പറമ്പ് ദ്വീപിലെ തൂക്കുപാലത്തിന്റെ നിർമ്മാണ പുരോഗതി</u>

5831 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ദുരന്ത നിവാരണ പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ദ്വീപിൽ നിർമ്മിക്കുന്ന 2 തൂക്കുപാലങ്ങളുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിലെ പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിക്കാൻ നടപടി

5832 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മുൻ സർക്കാർ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച് ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾക്ക് സമയപരിധി ദീർഘിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

5833 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് താലൂക്കിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ റോഡു നിർമ്മാണ പ്രവർത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഘട്ടങ്ങളിലാണ് മുടങ്ങിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

വട്ടിയൂർക്കാവ് മണ്ഡലത്തിലെ ഫ്ളഡ് റിലീഫ് പ്രവർത്തനങ്ങൾ

5834 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാലവർഷക്കെടുതിയുടെ ഭാഗമായി ഫ്ളഡ് റിലീഫ് സ്കീമിൽ ഉൾപ്പെടുത്തി വട്ടിയൂർക്കാവ് മണ്ഡലത്തിന്റെ പരിധിയിൽ 2011-12 വർഷം അനുവദിച്ചതും ഏറ്റെടുത്ത് നടത്തിയതുമായ വിവിധ പദ്ധതികളുടെ പേരും എസ്റ്റിമേറ്റ് തുകയും പദ്ധതി പുരോഗതിയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>അരയിടത്ത് പാലത്തിലേക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണം</u>

5835 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരയിടത്ത് പാലത്തിന് കിഴക്ക് വശത്ത് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനായി കോഴിക്കോട് തഹസിൽദാർക്ക് പൊതുമരാമത്ത് വകുപ്പിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്നാണ് അപേക്ഷ ലഭിച്ചതെന്നും എന്തെല്ലാം നടപടികളാണ് ഇതു സംബന്ധിച്ച് സ്വീകരിച്ചതെന്നും വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>അരയിടത്ത് പാലത്തിന് അപ്രോച്ച് റോഡ്</u>

5836 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് അരയിടത്ത് പാലത്തിന് കിഴക്കുവശം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനായി കോഴിക്കോട് എം.എൽ.എ. തഹസിൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷ സമർപ്പിച്ച തീയതിയും ഫയൽ നമ്പരും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

വിളക്കുമരം പാലം ലാന്റ് അക്വിസിഷൻ

5837 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ - ചേർത്തല മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെടുമ്പ്രക്കാട് വിളക്കുമരം പാലത്തിന്റെ അപ്രോച്ച് റോഡിനുളള ലാന്റ് അക്വിസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണ്; ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) എഴുപുന്ന - കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടികൾ ഏതു ഘട്ടത്തിലാണ്; പ്രസ്തുത പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ആലപ്പുഴ ലാന്റ് അക്വിസിഷൻ വിഭാഗത്തിലെ സർവ്വേ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടി കാരണമുണ്ടായ ജീവനക്കാരുടെ അഭാവം നിമിത്തം സർവ്വേ നടപടികളും ലാന്റ് അക്വിസിഷൻ നടപടികളും വൈകുന്നത് പരിഹരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

# 09.07.2012-ലെ മറുപടിക്ക്

<u>നെൽവയൽ-നീർത്തട സംരക്ഷണ നിയമം - ഡേറ്റാ ബാങ്ക് തയ്യാറാക്കിയതിലെ അപാകം</u>

5838 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നെൽവയൽ -നീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ ഇതുവരെ ഉണ്ടായിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് ചില പഞ്ചായത്തുകൾ തയ്യാറാക്കിയ ഡേറ്റാ ബാങ്ക് നിരാകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഡേറ്റാ ബാങ്കിൽ സർക്കാർ കണ്ടെത്തിയ അപാകതകൾ എന്തെല്ലാം ; വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് കോട്ടുളി വില്ലേജിലെ തണ്ണിർത്തടങ്ങൾ ഏറ്റെടുക്കാൻ നടപടി</u>

5839

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിൽ കോട്ടുളി വില്ലേജിൽപ്പെട്ട തണ്ണീർ തടങ്ങൾ സർക്കാർ ഏറ്റെടുക്കണമെന്ന് അപേക്ഷിച്ചുകൊണ്ടുളള കോട്ടുളി വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ തീയതികൾ സഹിതം വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

അടൂർ നിയോജക മണ്ഡലത്തിലെ അനധികൃത നിലം നികത്തൽ

5840 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട വില്ലേജുകളിൽ നിന്നും അനധികൃത നിലംനികത്തുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഇക്കഴിഞ്ഞ ഒരു വർഷക്കാലം (2011 -12) രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളതിന്റെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിന്മേൽ സ്വീകരിച്ചിട്ടുള്ള ശിക്ഷാ നടപടികളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഡാറ്റാബാങ്ക്</u>

5841 ശ്രീ. വി. എസ്. സുനിൽകുമാർ
ശ്രീമതി ഗീതാ ഗോപി
,, ഇ. എസ്. ബിജിമോൾ
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നെല്പാടങ്ങളുടെയും, തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡാറ്റാ ബാങ്കുകളാണ് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഡാറ്റാ ബാങ്ക് എന്ന് തയ്യാറാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>നെൽവയൽ - തണ്ണീർത്തട സംരക്ഷണത്തിന് സർവ്വകക്ഷി സമിതി</u>

5842 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ - തണ്ണീർത്തട നിയമം നിലവിൽ വന്നതിനുശേഷം ഏതെല്ലാം പ്രദേശങ്ങളിൽ നെൽവയൽ നികത്തിയത് സംബന്ധിച്ച കേസുകളിൽ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനടത്തിപ്പ് പരിശോധിക്കാനും അനധികൃത കയ്യേറ്റങ്ങളും നികത്തലും പരിശോധിക്കാനുമായി ഒരു സർവ്വകക്ഷി സമിതിയെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് കോട്ടൂളി, വേങ്ങേരി വില്ലേജുകളിൽ തണ്ണീർത്തടങ്ങളും, നെൽവയലുകളും നികത്തുന്നതിനെതിരെ നടപടി</u>

5843 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കോട്ടൂളി, വേങ്ങേരി വില്ലേജ് പരിധിയിൽ സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള തണ്ണീർത്തടങ്ങളും, നെൽവയലുകളും നിയമവിരുദ്ധമായി മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തണ്ണീർത്തടങ്ങളും, നെൽവയലുകളും ഏറ്റെടുക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത വില്ലേജുകളുടെ പരിധിയിൽ സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള തണ്ണീർത്തടങ്ങളുടേയും, നെൽവയലുകളുടേയും വിശദാംശങ്ങൾ ഉടമകളുടെ പേര് സഹിതം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ഉള്ളേ്യരി മുതൽ കുറ്റ്യാടിവരെയുള്ള റോഡ് നിർമ്മാണം</u>

5844 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ല കൊയിലാണ്ടി താലൂക്കിലെ ഉള്ളേ്യരി മുതൽ കുറ്റ്യാടിവരെയുള്ള റോഡ് നിർമ്മിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിനായി ഭൂമി ഏറ്റെടുത്തത് ഏത് വർഷമാണെന്നും റോഡിന് എത്ര മീറ്റർ വീതിയിലാണ് ഭൂമി അക്വയർ ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(സി) ഉള്ളേ്യരി മുതൽ കുറ്റ്യാടി വരെയുള്ള റോഡിന് സ്ഥലം ഏറ്റെടുത്തതായുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത റോഡിൽ അനധികൃത കയ്യേറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കൊല്ലംകോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ</u>

5845 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലംകോട് ബൈപ്പാസിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടത്തേണ്ട സ്ഥലത്തിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ ശുപാർശയ്ക്കായി എന്നാണ് ഫയൽ സമർപ്പിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത സമിതിയുടെ ശുപാർശ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

**<u>പുനലൂർ മണ്ഡലത്തിലെ ആയൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന നടപടി</u>**

5846 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ഉൾപ്പെട്ട ആയൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് 2 ഏക്കർ 10 സെന്റ് സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ റദ്ദ് ചെയ്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്ന നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും കേസ് നിലവിലുണ്ടോ;

(ഡി) ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രസ്തുത നടപടികളുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സ്വകാര്യ-സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച്</u>

5847 ശ്രീ. ബാബു എം. പാലിശ്ശേരി
'' റ്റി.വി. രാജേഷ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ്, എയിഡഡ് കോളേജ് മാനേജ്മെന്റുകൾക്ക് സർക്കാർ ഭൂമി പതിച്ചു നൽകുന്നതിന് പദ്ധതിയുണ്ടോ; ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ സംസ്ഥാനത്ത് സ്വകാര്യ കോളേജ് മാനേജ് മെന്റുകൾക്കോ, സ്വാശ്രയ മെഡിക്കൽ-എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റുകൾക്കോ ഭൂമി പതിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം ഏതെല്ലാം മാനേജ്മെന്റിന് എത്ര വീതം; ഏതെല്ലാം വ്യവസ്ഥകളിൽ എന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം മാനേജ്മെന്റുകളാണ് ഭൂമിയ്ക്കുവേണ്ടി റവന്യൂ വകുപ്പിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്; ഏതെല്ലാം അപേക്ഷ കളാണ് ഭൂമി പതിച്ചു നൽകുന്നതിന് പരിഗണിച്ചിരിക്കുന്നത്;

(ഡി) തൃശൂർ ജില്ലയിലെ സെന്റ് തോമസ്, സെന്റ് മേരിസ്, ക്രൈസ്റ്റ് എന്നീ കോളേജ് മാനേജ്മെന്റുകൾ ഭൂമി പതിച്ചുകിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ പരിഗണി ച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന ഓപ്പൺ സ്കൂളിന്റെ മലബാർ മേഖലാ കേന്ദ്രത്തിനായി സ്ഥലം ഏറ്റെടുക്കാൻ നടപടി</u>

5848 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ മലബാർ മേഖലാ കേന്ദ്രം സ്ഥാപിക്കുന്നതിന് മലപ്പുറം സിവിൽ സ്റ്റേഷനു സമീപമുള്ള റവന്യൂ വകുപ്പിന്റെ ഭൂമി ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലമെടുപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആസ്ഥാനത്തെ സൗകര്യപ്രദമായ സ്ഥലം എന്ന നിലയിൽ റവന്യൂ വകുപ്പിന്റെ ഒഴിഞ്ഞുകിടക്കുന്ന ഭൂമി വിദ്യാഭ്യാസ വകുപ്പിനു കൈമാറുന്നതിനും ഓപ്പൺ സ്കൂൾ മേഖലാ കേന്ദ്രം അവിടെ പണിയുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥലം അനുയോജ്യമല്ലെങ്കിൽ തൊട്ടടുത്ത പ്രദേശങ്ങളിൽ സ്ഥലമേറ്റെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>പടിഞ്ഞാറെ ചാലക്കുടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം</u>

5849 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പടിഞ്ഞാറെ ചാലക്കുടി വില്ലേജ് ഓഫീസ് ചോർന്നൊലിച്ച് ഫയലുകൾ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>തുടർച്ചാനുമതിയില്ലാതെ പ്രവർത്തിക്കുന്ന റവന്യൂ കാര്യാലയങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ നടപടി</u>

5850 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന്റെ കീഴിൽ താല്ക്കാലികമായി തുടർച്ചാനുമതി നൽകി പ്രവർത്തിക്കുന്ന ഏതെല്ലാം ഓഫീസുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ഓഫീസിനും തുടർച്ചാനുമതി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കാത്തതിനാൽ ഇത്തരം ഓഫീസുകളുടെ തുടർച്ചാനുമതി 2 വർഷത്തേക്കു കൂടി നീട്ടി നൽകുമോ;

(ഡി) തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ജീവനക്കാർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് പ്രത്യേക ഉത്തരവ് നൽകുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ വില്ലേജിൽ ജോലി ചെയ്തുവരുന്ന വില്ലേജ് ഓഫീസർമാർ</u>

5851 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ വില്ലേജിൽ ജോലി ചെയ്തുവരുന്ന വില്ലേജ് ഓഫീസർമാർ ആരൊക്കെയാണെന്നും അവർ ജോലി ചെയ്യുന്ന വില്ലേജിന്റെ പേരും ജില്ലയും അവരുടെ സ്വന്തം ജില്ലയുടെ പേരും സഹിതമുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വില്ലേജുകൾ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകൾ ആണോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ നിയമന സമ്പ്രദായം മാറ്റിയതിനെതിരെ നടപടി</u>

5852 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിലെ എൽ. ഡി. ക്ലാർക്കു മുതൽ തഹസിൽദാർ വരെയുള്ള തസ്തികകളിലെ ജീവനക്കാരെ ജില്ലാകളക്ടർ വിവിധ ഓഫീസുകളിലേക്ക് നിയമിക്കുന്ന രീതിക്ക് മാറ്റം വരുത്തിക്കൊണ്ട് നിലവിൽ ജീവനക്കാരെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നു തന്നെ ഓരോ ഓഫീസിലേയ്ക്ക് നിയമിച്ച് ഉത്തരവ് നൽകുന്നത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ബി) പരാതി രഹിതവും ഫലപ്രദവുമായ രീതിയിൽ ജില്ലാ കളക്ടർമാർ നടത്തിയിരുന്ന നിയമന രീതി മാറ്റിയതിലൂടെ എന്തു നേട്ടമാണ് ഉണ്ടാകുന്നത് എന്നു പറയാമോ ;

(സി) കമ്മീഷണറേറ്റ് കേന്ദ്രമായി ഇപ്രകാരം ഓരോ ഒഴിവിലേയ്ക്കും നിയമിക്കപ്പെടുന്നതിൽ സാമ്പത്തിക അഴിമതി വ്യാപകമായി നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത രീതി മാറ്റി ജീവനക്കാരെ ബുദ്ധിമുട്ടിക്കാതെ നിയമന ഉത്തരവിറക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിലെ തസ്തികകളുടെ പുനർനാമകരണം</u>

5853 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ തസ്തികകളുടെ പേരുകളാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

തൃശ്ശൂരിൽ സ്വകാര്യ കോളേജ് മാനേജ്മെന്റുകൾക്ക് പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയ പ്രശ്നം

5854

ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂരിൽ പ്രൈവറ്റ് മാനേജ്മെന്റ് കോളേജുകൾക്ക് സർക്കാർ പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയെന്നാരോപിച്ച് തൃശൂർ വിജിലൻസ് കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം പേരിലാണ് കുറ്റം ആരോപിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(സി) ഹർജിയിന്മേൽ കോടതി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഹർജിയിൽ ആരോപിച്ചിട്ടുളള കുറ്റം എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിൽ കാലതാമസം</u>

5855

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിന് അപേക്ഷിച്ചാൽ അനന്തര നടപടികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ; അപേക്ഷ സമർപ്പിച്ച് എത്ര സമയത്തിനുള്ളിലാണ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത്;

(ബി) കാസർഗോഡ് താലൂക്ക് ഓഫീസിൽ ഇപ്പോൾ ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനായുള്ള എത്ര അപേക്ഷകൾ നടപടി പൂർത്തീകരിക്കാതെ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റിനായി ഒരാളുടെ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ ഗസറ്റിൽ പരസ്യപ്പെടുത്തുന്നതിനായി താലൂക്ക് ഓഫീസിൽ നിന്നും എത്ര ദിവസത്തിനകം തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചുകൊടുക്കാറുണ്ട്;

(ഡി) ഗസറ്റ് പരസ്യത്തിന് തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിലേക്ക് അയച്ചുകൊടുക്കാൻ ബാക്കിയുള്ള എത്ര അപേക്ഷകൾ കാസർഗോഡ് താലൂക്ക് ഓഫീസിൽ കെട്ടിക്കിടക്കുന്നുണ്ട്;

(ഇ) അവ ഏതൊക്കെ തീയതികളിൽ ലഭിച്ചതാണെന്നും കാലതാമസത്തിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

സർവ്വേ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പദ്ധതികൾ

5856 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേവകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പരാതികൾ ഉടൻ തീർപ്പാക്കുന്നതിനും ഫയലുകളുടെ സ്ഥിതി അറിയുന്നതിനും ഏതെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ ; പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(സി) സർവ്വേ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന എത്ര പരാതികളാണ് നിലവിലുള്ളത് ; ഇത്തരം പരാതികൾ സ്കാൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) സീനിയോറിറ്റി മറികടന്ന് സർവ്വേവകുപ്പിൽ ഉദ്യോഗസ്ഥർ ഫയൽ കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

അടൂർ നിയോജക മണ്ഡലത്തിലെ ലാന്റ് ബാങ്ക്

5857 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട ഭൂമികളുടെ റീസർവ്വേ നമ്പർ, ഇനം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ലാന്റ് ബാങ്കിൽ ഉൾപ്പെട്ടതായ ഏതെങ്കിലും ഭൂമി വികസന പ്രവർത്തനങ്ങൾക്കായി വകുപ്പുതല കൈമാറ്റം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സർവ്വേയർമാരുടെ കുറവ്</u>

5858

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽ സർവ്വേയർമാരുടെ കുറവു നികത്തുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

ചെയിൻമാൻമാരുടെ വേതനം

5859 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആഫീസുകളിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിരിക്കുന്ന സർവ്വേയർമാർക്ക് സഹായികളായി ചെയിൻമാൻമാരെ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണ്; അറിയിക്കുമോ;

(സി) ഇവർക്ക് സമയബന്ധിതമായി വേതനം നൽകാറുണ്ടോ; കുടിശ്ശികയിനത്തിൽ എത്രയാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ;

(ഡി) യഥാസമയം വേതനം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് വില്ലേജിലെ റീസർവ്വേ നടപടികൾ</u>

5860 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് വില്ലേജിലെ റീ-സർവ്വേ രേഖകൾ റവന്യൂ അധികാരികൾക്ക് കൈമാറാത്തതിനാൽ വസ്തു പോക്കുവരവിനും കരം അടയ്ക്കുന്നതിനും ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>സർവ്വേ ട്രെയിനിംഗ് സ്കൂളുകളുടെ പ്രവർത്തനം</u>

5861 ശ്രീ. ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വേ ട്രെയിനിംഗ് സ്കൂളുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആധുനിക സർവ്വേ ഉപകരണങ്ങളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിനാവശ്യമായ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റവന്യൂ അദാലത്തുകൾ</u>

5862 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ഈ അദാലത്തുകൾ വഴി കൈകാര്യം ചെയ്യുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത അദാലത്തുകൾ എന്നുമുതൽ തുടങ്ങാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

താലൂക്ക് സർവ്വേയർമാരുടെ ഒഴിവുകളും സർവ്വേ നടത്തുന്നതിന്റെ മാനദണ്ഡങ്ങളും

5863 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിൽ സർവ്വേ നടത്തുന്നതിനായി ഫീസ് അടച്ചാൽ എത്ര ദിവസത്തിനകം സർവ്വേ ചെയ്ത് അളന്ന് തിട്ടപ്പെടുത്തണമെന്ന് വ്യക്തമാക്കുമോ ;

(ബി) ഫീസടച്ചിട്ടും സർവ്വേ നടത്താത്തതിനെ സംബന്ധിച്ച് പരാതികൾ നിലവിലുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് താലൂക്ക് സർവ്വേയർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ മാഞ്ഞൂർ വില്ലേജിൽ പ്രഭ കെ. ടി. സമർപ്പിച്ച അപേക്ഷ

5864

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ അദാലത്തുകൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; പൂർത്തിയായിട്ടില്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ പുറമ്പോക്കുകൾ മാത്രം റീസർവ്വെ നടത്തി റീസർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയാൽമതി എന്ന തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം തീരുമാനം കൈക്കൊണ്ടതെന്ന് അറിയിക്കുമോ;

(സി) ഇതുമൂലം കാലഹരണപ്പെട്ട റവന്യൂ രേഖകൾ പുതുക്കിയും കുറ്റമറ്റ സ്കെച്ചും റവന്യൂരേഖകളും തയ്യാറാക്കിയും റവന്യൂ സംബന്ധമായി ജനങ്ങൾക്ക് കിട്ടേണ്ട സേവനം കാലവിളംബം കൂടാതെ ലഭിക്കുന്നതിനും ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുവാനും കഴിയില്ല എന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം പുന:പരിശോധിക്കുമോ;

(ഡി) കോട്ടയം ജില്ലയിലെ വൈക്കം താലുക്കിൽ മാഞ്ഞൂർ വില്ലേജിൽ പ്രഭ കെ. ടി, കളത്തൂർ കണ്ടത്തിൽ, മാഞ്ഞൂർ സൗത്ത് എന്നയാൾ പ്രസ്തുത വില്ലേജിലെ സർവ്വേ 298/10-ൽ 10 സെന്റ് സ്ഥലം റീസർവ്വെ ചെയ്തുകിട്ടുന്നതിന് 21-7-2011 ൽ സമർപ്പിച്ച അപേക്ഷയിൽ കൈക്കൊണ്ട നടപടി എന്താണെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എത്രയുംവേഗം നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി</u>

5865 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ഈ സർക്കാർ അധികാരമേറ്റ ശേഷം സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(ബി) റീസർവ്വേയിൽ, നിശ്ചിത സമയത്തിനുശേഷം ഉണ്ടാകുന്ന പരാതികൾ പരിഹരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള നടപടിക്രമങ്ങളെന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കയർമേഖലയിലെ 2011-12-ലെ ബഡ്ജറ്റ് വിഹിതം</u>

5866 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ 2011-12-ലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലാണ് ചെലവഴിക്കാൻ കഴിയാതിരുന്നതെന്ന് വിശദമാക്കുമോ ; വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതിരുന്നിട്ടുണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

## കയർമേഖലയിലെ തൊഴിൽ ദിനങ്ങൾ

5867

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ സഹകരണ സംഘങ്ങളിലുള്ള തൊഴിലാളികൾക്കും പരമ്പരാഗത കയർ തൊഴിലാളികൾക്കും ആഴ്ചയിൽ എല്ലാ ദിവസവും ജോലി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കയറുല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കയർ വില്ലേജ് പ്രോഗ്രാം</u>

5868

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ വില്ലേജ് പ്രോഗ്രാം ഏതെല്ലാം സ്ഥലങ്ങളിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ നാളിതുവരെ എന്ത് തുക ചെലവഴിച്ചെന്ന് അറിയിക്കുമോ;

(സി) കയർ വില്ലേജ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെല്ലാം പരിപാടികൾക്കാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>കയർമേഖലാ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി</u>

5869 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായ മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ തൊഴിലാളികളെ കയർ വ്യവസായത്തിൽ നില നിർത്താൻ സർക്കാർ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം കയർ തൊഴിലാളികൾക്കു നൽകിയിട്ടുളള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിവിധ ഇനങ്ങളിലായി എത്രപേർക്ക് എത്ര തുക വിതരണം ചെയ്തു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

<u>കയർക്ഷേമനിധി ബോർഡു വഴിയുള്ള ധനസഹായം</u>

5870 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർക്ഷേമനിധി ബോർഡുകളിലെ തൊഴിലാളികൾക്ക് ധനസഹായം നൽകുന്ന നടപടിയിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാസഹായം, അപകടങ്ങളിൽപ്പെട്ട് സ്വാധീനം നഷ്ടപ്പെട്ടവർക്കുള്ള സഹായം, അപകടമരണം, ശവസംസ്കാര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, എന്നിവയ്ക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷയിൻമേൽ തീരുമാനമുണ്ടായെന്നും ഓരോ വിഭാഗത്തിലും എത്ര തുക വീതം നൽകിയെന്നും പ്രത്യേകം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2012-ലെ മറുപടിക്ക്

<u>ചകിരിയുൽപാദനത്തിന്റെ അപര്യാപ്തതയും കയറുൽപന്നങ്ങളുടെ ആഭ്യന്തര വിദേശവിപണിയും</u>

5871 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) കയർ വ്യവസായത്തിനാവശ്യമായ ചകിരിയുത്പാദനത്തിന്റെ അപര്യാപ്തത പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കയർമേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(ഡി) കയർ ഉത്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 09.07.2012-ലെ മറുപടിക്ക്

കയർ തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

5872 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിശ്ശികയില്ലാതെ കയർ തൊഴിലാളി പെൻഷൻ നൽകാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കയർ തൊഴിലാളി പെൻഷൻ നൽകാൻ എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2006 ലും 2011 ലും കയർ തൊഴിലാളികളുടെ കൂലി എത്ര രൂപയായിരുന്നു; ഈ സർക്കാർ കയർ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) കയർ തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ 2006 ലും 2011 ലും എത്ര രൂപയായിരുന്നു; ഈ സർക്കാർ കയർ തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ?